ഉത്തരം

(എ) തൊഴിൽ വകുപ്പിൽ 1989 ജനുവരി മുതൽ തസ്തിക മാറ്റം വഴി യു. ഡി. ക്ലാർക്കുമാരായി സ്ഥാനക്കയറ്റം ലഭിച്ച ടൈപ്പിസ്റ്റുകൾ ഉൾപ്പെടെ 162 പേർക്ക് എൽ. ഡി. ക്ലാർക്ക് തസ്തികയിൽനിന്നും യു. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) നിലവിലുള്ള ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എൽ. ഡി. ക്ലാർക്ക് തസ്തികയിൽ 1-4-1986 മുതൽ 31-3-1993 വരെയുള്ളവരെയും യു. ഡി. ക്ലാർക്ക് തസ്തികയിൽ 1-4-1985 മുതൽ 31-3-1993 വരെയുള്ളവരെയും ഉൾപ്പെടുത്തിയ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. എൽ. ഡി. ക്ലാർക്ക് തസ്തികയിൽ 1-1-2003 വരെയും യു. ഡി. ക്ലാർക്ക് തസ്തികയിൽ 1-1-2004 വരെയുമുള്ളവരെ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധപ്പെടുത്തുന്നതാണ്.

(ഇ) നിലവിലുള്ള എൽ. ഡി./യു. ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. †

(എഫ്) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിക്കുകയും പുതുക്കിയ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഉടൻതന്നെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

വിവിധ ക്ഷേമ പെൻഷനുകളിലെ കുടിശ്ശിക

90-[544] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ഏതെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൊഴിൽ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പെൻഷൻ പദ്ധതിയനുസരിച്ചുള്ള പെൻഷനുകൾ വിതരണം ചെയ്യുന്നതിന് കുടിശ്ശികയുണ്ടോ;

(ഡി) എങ്കിൽ വിവിധ പെൻഷൻ പദ്ധതികളിൽ ഓരോന്നിനും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അവ ഓരോന്നും വിതരണം ചെയ്യുന്നതിന് എന്തുതുക വേണ്ടിവരുമെന്നും വിശദമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കേരള കള്ള് ചെത്ത് വ്യവസായ തൊഴിലാളി ക്ഷേമ പദ്ധതി.
2. കേരള ചാരായ തൊഴിലാളി ക്ഷേമ പദ്ധതി.
3. കേരള കർഷക തൊഴിലാളി ക്ഷേമ പദ്ധതി.
4. കേരള കൈത്തറി തൊഴിലാളി ക്ഷേമ പദ്ധതി.
5. കേരള തൊഴിലാളി ക്ഷേമ പദ്ധതി.
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതി.
7. കേരള തയ്യൽ തൊഴിലാളി ക്ഷേമ പദ്ധതി.
8. കേരള നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി.
9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമ പദ്ധതി.
10. കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി.
11. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമ പദ്ധതി.
12. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി.
13. കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമ പദ്ധതി.
14. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമ പദ്ധതി.
15. കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി.
16. കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി.
17. കേരള അലക്ക്-ബാർബർ ക്ഷേമ പദ്ധതി.

3-1-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചമാക്കലും അസംഘടിത മേഖലകളിൽ ക്ഷേമനിധി ഏർപ്പെടുത്തലും

91 [545] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. നാരായണൻ:

,, എം. കുമാരൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly